**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 361** **10-06-2024 - ൽ മറുപടിയ്ക്ക്**

**തന്മാനിമറ്റം ഋക്ക് പാലത്തിന്റെ പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ തന്മാനിമറ്റം ഋക്കുപാലത്തിന്റെ പുനർനിർമ്മാണത്തിനായുള്ള 5.37 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് 28.03.2023-ൽ ഭരണാനുമതി ലഭിച്ചിട്ടും സാങ്കേതികാനുമതി വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | പാലത്തിന്റെ അലൈൻമെന്റ് പരിശോധിക്കുന്നതിനായി എൽ. എസ്.ജി.ഡി ചീഫ് എഞ്ചിനീയർ, ഡിസൈൻ ചെയ്ത എസ്റ്റീം ഡെവലപേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് സ്ഥാപനത്തിന്റെ സാങ്കേതിക വിദഗ്ദർ എന്നിവരടങ്ങുന്ന സംഘം സ്ഥല പരിശോധന നടത്തിയപ്പോൾ നിലവിലുള്ള ഡിസൈനിൽ നിന്നും ചെറിയ മാറ്റം ആവശ്യമായി വരുന്നുണ്ടെന്ന് മനസ്സിലാക്കി. മാത്രമല്ല പഴയ ഡിസൈൻ പ്രകാരം നിലവിലുള്ള ഫൗണ്ടേഷൻ ബ്ലോക്ക് ഭാഗികമായി ഉപയോഗിക്കാവുന്ന രീതിയിലായിരുന്നു സിവിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ അപ്രകാരം സാധ്യമല്ലാത്തതിനാൽ സിവിൽ ഭാഗം എസ്റ്റിമേറ്റ് പുതിയ ഡിസൈൻ റെക്കമന്റേഷൻ അനുസരിച്ച് തയ്യാറാക്കുമ്പോൾ 80.00 ലക്ഷം രൂപ കൂടി അധികം വരുന്നുണ്ട്. മാത്രമല്ല, നിലവിലെ റെക്കമന്റേഷൻ പ്രകാരം രാമമംഗലം ഭാഗത്ത് ഫൗണ്ടേഷൻ ബ്ലോക്ക് സ്ഥാപിക്കുവാൻ സ്വകാര്യ വ്യക്തിയുടെ കുറച്ച് സ്ഥലം കൂടി ആവശ്യം വരുന്നുണ്ട്. ഇപ്രകാരമുള്ള മാറ്റങ്ങൾ വരുന്നതു കൊണ്ടാണ് സാങ്കേതികാനുമതി വൈകുന്നത്. |
| (ബി) | സാങ്കേതികാനുമതി ലഭിക്കുന്ന വിഷയത്തിൽ തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെയും ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗത്തിന്റെയും സംയുക്ത യോഗം വിളിച്ച് ചേർക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | ബഹു.എം.എൽ.എ യുടെ തീയതി ലഭിക്കുന്നതിനനുസരിച്ച് മീറ്റിംഗ് വിളിച്ചു ചേർക്കുന്നതാണ്. |
| (സി) | പ്രസ്തുത പാലത്തിന്റെ എൽ.എ.സിപുനർനിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ ചെയ്ത് സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ